പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 439 07.01.2014 ൽ മറുപടിക്ക്

## റോഡ് സേഫ്റ്റി ഫണ്ടിൽനിന്ന് കൊല്ലം ജില്ലയിൽ ചെലവഴിച്ച തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | നടപ്പു സാമ്പത്തികവർഷം കൊല്ലം ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക എത്രയാണ്; | (എ) | നടപ്പു സാമ്പത്തിക വർഷം (2013 ഏപ്രിൽ 1 മുതൽ) നാളിതുവരെയായി കൊല്ലം ജില്ലയിൽ റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | കൊല്ലം സിറ്റി, കൊല്ലം റൂറൽ എന്നീ പോലീസ് ഡിവിഷനുകളുടെ പരിധിയിൽ ഉൾപ്പെട്ടു വരുന്ന സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ ട്രാഫിക് ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനാണ് മേൽ പറഞ്ഞ 2 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത കാലയളവിൽ ജില്ലയിൽ റോഡപകടങ്ങളിൽപ്പെട്ട് മരണപ്പെട്ടവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം വ്യക്തമാക്കുമോ? | (സി) | 01.04.2013 മുതൽ 30.12.2013 വരെയുള്ള കാലയളവിൽ കൊല്ലം ജില്ലയിൽ റോഡപകടത്തിൽപ്പെട്ട് 290 പേർ മരിക്കുകയും 1668 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ